അന്വേഷിക്കുന്നതിന് എത്ര ജീവനക്കാരാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇൻസ്പെക്ഷൻ-വിഭാഗങ്ങൾ വിപുലീകരിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ (1998-2000) 14-ാമതു റിപ്പോർട്ടിൻമേലുള്ള നിർദ്ദേശംകൂടി കണക്കിലെടുക്കുന്നതായിരിക്കും.

(ബി) നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിനാണ്.

(സി) ഇൻസ്പെക്ഷൻ വിംഗിന്റെ - അന്വേഷണ റിപ്പോർട്ടുകളിന്മേൽ കുറ്റക്കാർക്കെതിരെ നടപടി എടുക്കണമെന്ന് വകുപ്പു തലവൻമാർക്ക് നിർദ്ദേശമുണ്ട്.

(ജി.ഒ.(പി) 506/92/ഫിൻ. തീയതി 20-8-92).

(ജി.ഒ.(പി) 2981/98/ഫിൻ. തീയതി 25-11-98)

(ഡി) പ്രവർത്തിക്കുന്നില്ല.

(ഇ) ബന്ധപ്പെട്ട വകുപ്പുകൾ നടപടികൾ സ്വീകരിച്ചാൽ മതിയാവുന്നതാണ്.

(എഫ്) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ വിപുലീകരണ നിർദ്ദേശത്തോടൊപ്പം ഇതു പരിഗണിക്കുന്നതാണ്.

(ജി) 26 പേർ.

(ടെക്നിക്കൽ ആന്റ് നോൺ ടെക്നിക്കൽ വിഭാഗത്തിലായി).

10 (*535) കെ.എസ്.ആർ.ടി.സി. കാന്റീനുകളുടെ പ്രവർത്തനം

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കാന്റീനുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. കാന്റീനുകൾ ലേലം ചെയ്തു കൊടുത്ത ഇനത്തിൽ കഴിഞ്ഞവർഷം എത്ര രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മിക്ക കെ.എസ്.ആർ.ടി.സി. കാന്റീനുകളിലും അമിത വിലയ്ക്ക് വളരെ മോശപ്പെട്ട ഭക്ഷണമാണ് നൽകുന്നത് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നിശ്ചിത വിലയ്ക്ക് ഭക്ഷണം നൽകിക്കഴിഞ്ഞതിനുശേഷം പൊതുജനങ്ങളെ ചൂഷണം ചെയ്യുന്ന രീതിയിൽ കാന്റീനുകൾ പ്രവർത്തിക്കുന്നത് അവസാനിപ്പിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. വഴിയുള്ള ദീർഘദൂര യാത്രക്കാർക്ക് പ്രസ്തുത കാന്റീനുകളെ മാത്രമേ ആശ്രയിക്കാൻ കഴിയൂ എന്ന സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ ബസ്സ്യാത്രക്കാർക്ക് മിതമായ നിരക്കിൽ ഭക്ഷണം ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) പരിശോധിച്ചിട്ടുണ്ട്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി യൂണിറ്റാഫീസർമാർ കാന്റീനും, പരിസരവും ഇടയ്ക്കിടെ പരിശോധിച്ച് അവശ്യം വേണ്ട നടപടികൾ എടുക്കുന്നുണ്ട്. കൂടാതെ മാനേജ്മെന്റ് പ്രതിനിധികളും, അംഗീകൃത സംഘടനാ പ്രതിനിധികളും, ഉൾപ്പെടെയുള്ള കാന്റീൻ കമ്മിറ്റി കാന്റീന്റെ പ്രവർത്തനം അവലോകനം ചെയ്യുകയും, അവ നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയുമാണ്.

(ബി) കെ.എസ്.ആർ.ടി.സി. കാന്റീനുകൾ ടെൻഡർ മുഖേനയാണ് നൽകുന്നത്. കഴിഞ്ഞവർഷം ഇത്തരത്തിൽ ആറുലക്ഷത്തി നാല്പതിനായിരത്തി ഒരുനൂറ്റി അറുപത്തിനാല് രൂപ ലഭിച്ചിട്ടുണ്ട് (6,40,164/-).

(സി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യയോഗ്യമായ ആഹാരപദാർത്ഥങ്ങൾ അംഗീകരിക്കപ്പെട്ട നിരക്കിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും, അംഗീകരിക്കപ്പെട്ട വിലവിവരപ്പട്ടിക പൊതുജനങ്ങൾ കാണത്തക്കവിധം വ്യക്തമായി രേഖപ്പെടുത്തി പ്രദർശിപ്പിക്കാനും പൊതുജനങ്ങൾക്കുവേണ്ടി ഒരു പരാതിപുസ്തകം ഉണ്ടായിരിക്കണമെന്നും ലൈസൻസികളോട് നിർദ്ദേശിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഇടയ്ക്കിടെ പരാതി പുസ്തകം പരിശോധിക്കുകയും ലൈസൻസി കുറ്റക്കാരനെന്നു കണ്ടാൽ അവരിൽനിന്നും പിഴ ഈടാക്കുന്നതുമാണ്. നിരന്തരം പരാതി ഉണ്ടായാൽ പ്രസ്തുത ലൈസൻസിയുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഇത്തരം യാത്രക്കാർക്ക് അംഗീകരിക്കപ്പെട്ട മിതമായ നിരക്കിൽ ഭക്ഷണപദാർത്ഥങ്ങൾ കാന്റീനുകളിലൂടെ വിതരണം ചെയ്യുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

11 (*536) മുദ്രപ്പത്രങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly